# Third India-Bahrain High Joint Commission Meeting (7 April 2021)

April 07, 2021

# മൂന്നാമത് ഇന്ത്യ -ബഹ്റൈൻ ഹൈ ജോയിന്റ് കമ്മീഷൻ മീറ്റിംഗ് (7 ഏപ്രിൽ 2021)

ഏപ്രിൽ 07, 2021

വിദേശകാര്യ മന്ത്രി ഡോ. എസ്. ജയ്ശങ്കറും ബഹ്റൈൻ രാജ്യ വിദേശകാര്യ മന്ത്രി ഡോ. അബ്ദുല്ലത്തീഫ് ബിൻ റാഷിദ് അൽസായാനിയും ചേർന്ന്, ഇന്ന് ന്യൂഡൽഹിയിൽ ചേർന്ന മൂന്നാം ഇന്ത്യ-ബഹ്റൈൻ ഹൈ ജോയിന്റ് കമ്മീഷനിൽ (എച്ച്ജെസി) സംയുക്തമായി അധ്യക്ഷത വഹിച്ചു. ബഹ്റൈൻ വിദേശകാര്യമന്ത്രി ഇന്ത്യൻ പ്രധാനമന്ത്രിയ്ക്കായുള്ള എച്ച്ആർഎച്ച് കിരീടാവകാശിയുടെയും ബഹ്റൈൻ പ്രധാനമന്ത്രിയുടെയും കത്തുകൾ വിദേശകാര്യ മന്ത്രിക്ക് കൈമാറി.

ബഹ്റൈൻ വിദേശകാര്യ മന്ത്രി ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി ശ്രീ എം വെങ്കയ്യ നായിഡുവിനെ സന്ദർശിച്ചു. കോവിഡ് -19 പകർച്ചവ്യാധിയുടെ കാലഘട്ടത്തിൽ ഉൾപ്പെടെ ഇന്ത്യൻ സമൂഹത്തെ നന്നായി പരിപാലിക്കുന്നതിനു ബഹ്റൈൻ രാജാവിടോനുള്ള നന്ദി ബഹുമാനപ്പെട്ട ഉപരാഷ്ട്രപതി അറിയിച്ചു. ബഹ്റൈന്റെ പുരോഗതിക്കും വികസനത്തിനും ഇന്ത്യൻ സമൂഹം നൽകിയ സംഭാവനകളെ ബഹ്റൈൻ വിദേശകാര്യമന്ത്രി അഭിനന്ദിക്കുകയും ബഹ്റൈനിൽ കോവിഷീൽഡ് വാക്സിനുകൾ വിതരണം ചെയ്തതിന് ഇന്ത്യക്ക് നന്ദി അറിയിക്കുകയും ചെയ്തു.

എച്ച്ജെസിയിൽ ഇരു മന്ത്രിമാരും ഉഭയകക്ഷി സഹകരണത്തിന്റെ എല്ലാ മേഖലകളെയുംക്കുറിച്ച് അവലോകനം ചെയ്യുകയും കഴിഞ്ഞ കുറച്ച് വർഷങ്ങളായി കൈവരിച്ച പുരോഗതിയിൽ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു. 2014 ൽ ബഹ്റൈൻ രാജാവിന്റെ ഇന്ത്യയിലേക്കുള്ള സന്ദർശനം, 2019 ൽ ബഹുമാനപ്പെട്ട ഇന്ത്യൻ പ്രധാനമന്ത്രിയുടെ ബഹ്റൈൻ സന്ദർശനം എന്നിവ അവർ അനുസ്മരിച്ചു. കോവിഡ് പകർച്ചവ്യാധിയുടെ സമയത്ത് ഇരുപക്ഷവും ഏകോപനവും സഹകരണവും തുടർന്നുവന്നിരുന്നു.

എണ്ണയും വാതകവും, വ്യാപാരവും നിക്ഷേപവും, ആരോഗ്യം, ഭക്ഷ്യസുരക്ഷ, പ്രതിരോധം, സുരക്ഷ, പുനരുപയോഗ ഊർജ്ജം, വിദ്യാഭ്യാസം, സംസ്കാരം, ഡിജിറ്റൽ സാങ്കേതികവിദ്യകൾ തുടങ്ങിയ മേഖലകളിൽ സഹകരണം കൂടുതൽ

വികസിപ്പിക്കാൻ ഇരുപക്ഷവും സമ്മതിച്ചു. ഈ വർഷം നയതന്ത്ര ബന്ധം സ്ഥാപിച്ചതിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കാൻ ഇരുപക്ഷവും പ്രതീക്ഷിക്കുന്നു. നേരത്തെയുള്ള ഒരു തിയ്യതിയിൽ തന്നെ ഇന്ത്യ സന്ദർശിക്കുന്നതിനു കിരീടാവകാശിയെയും ബഹ്റൈൻ പ്രധാനമന്ത്രിയെയും വിദേശകാര്യ മന്ത്രി വീണ്ടും ക്ഷണിച്ചു.

ജിസിസിയുടെ അദ്ധ്യക്ഷ പദവി ഏറ്റെടുത്തതിൽ ബഹ്റൈനെ വിദേശകാര്യ മന്ത്രി അഭിനന്ദിക്കുകയും ഇന്ത്യ-ജിസിസി പങ്കാളിത്തം ശക്തിപ്പെടുത്തുന്നതിന് ബഹ്റൈനുമായി പ്രവർത്തിക്കാൻ ആഗ്രഹം പ്രകടിപ്പിക്കുകയും ചെയ്തു. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ബഹുരാഷ്ട്ര വിഷയങ്ങൾ ഇരു മന്ത്രിമാരും ചർച്ച ചെയ്തു. ബഹ്റൈൻ ഐഎസ്എ ഫ്രെയിംവർക്ക് കരാറിന്റെ ഇൻസ്ട്രുമെന്റ് ഓഫ് റാറ്റിഫിക്കേഷൻ പെട്ടന്ന് തന്നെ ഇന്ത്യ പ്രതീക്ഷിക്കുന്നു.

ബഹ്റൈൻ വിദേശകാര്യമന്ത്രി ഏപ്രിൽ 6 വൈകുന്നേരം ന്യൂ ഡൽഹിയിൽ എത്തിച്ചേരുന്നു കൂടാതെ ഏപ്രിൽ 8 രാവിലെ തിരികെ പോകുമെന്ന് പ്രതീക്ഷിക്കുന്നു.

**ന്യൂ ഡൽഹി**
**07 ഏപ്രിൽ, 2021**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.